# അക്കാദമിക് മാസ്റ്റർ പ്ലാൻ

വിദ്യാലയത്തിന്റെ പേര് : കനോസ്സ എൽ പി & യു പി സ്കൂൾ

വൈപ്പിൻ

അഴീക്കൽ പി ഒ

**682508**
**0484-2502890**

ഉപജില്ല : മട്ടാഞ്ചേരി

ജില്ല : എറണാകുളം

വിദ്യാഭ്യാസ ജില്ല : എറണാകുളം

വർഷം : **2025 - 26**

ഹെഡ്മിസ്ട്രസ്സ് :വത്സമ്മ സെബാസ്റ്റ്യൻ

## ആമുഖം

### ചരിത്രം

ആദ്യകാലങ്ങളിൽ മുനിസിപ്പൽ എലിമെന്ററി ഗേൾസ് സ്കൂൾ എന്നറിയപ്പെട്ടിരുന്ന ഈ വിദ്യാലയം 1939 ൽ കനോഷ്യൻ സിസ്റ്റേഴ്സ് ഏറ്റെടുക്കുകയും 1940 മുതൽ എലിമെന്ററി സ്കൂൾ വൈപ്പിൻ ബ്രിട്ടീഷ് കൊച്ചി എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങി. 02.06.1941 ൽ അഞ്ചാം ക്ലാസിനു അംഗീകാരം ലഭിക്കുകയും തുടർന്നു ഏഴാം ക്ലാസ് വരെയുള്ള യു പി സ്കൂൾ ആയി ഉയർത്തുകയും ചെയ്തു.

ഈ സ്കൂളിലെ പൂർവ വിദ്യാർത്ഥികൾ ജീവിതത്തിന്റെ നാനാതുറകളിൽ ശോഭിക്കുന്നു. ഡോക്ടർ,അധ്യാപകർ,ഗവണ്മെന്റ് സർവീസ്,സെയിൽസ് മെൻ, സെയിൽസ് വുമൺ ,മത്സ്യ ബന്ധനം, ഗൃഹഭരണം എന്നിങ്ങനെ എല്ലാറ്റിനുമുപരിയായി നല്ല രക്ഷാകർത്താക്കളായി ജീവിക്കുന്നുവെന്നും നാടിന്റെ സമ്പത്തായി വർത്തിക്കുകയും ചെയ്തുവരുന്നുവെന്നതും അഭിമാനകരമാണ്.

ഇന്ന് 2025-26 അധ്യയന വർഷത്തിൽ 7 ക്ലാസ്സുകളിലായി 169 കുട്ടികൾ പഠിക്കുന്നു.
7 അദ്ധ്യാപകരും ഒരു അനധ്യാപികയും ഈ വിദ്യാലയത്തിൽ ജോലി ചെയ്യുന്നു . ആൺകുട്ടികളും പെൺകുട്ടികളുമായി 154 പേർക്കു ഉച്ചഭക്ഷണം തയാറാക്കുന്നതിനായ് ഒരു പാചക തൊഴിലാളിയും ഈ വിദ്യാലയത്തിൽ പ്രവർത്തിച്ചുവരുന്നു. 2 അധ്യാപകരും

ഏകദേശം 36 കുട്ടികളുമായി നേഴ്സറി ക്ലാസും ഇതോടൊപ്പം പ്രവർത്തിച്ചു വരുന്നു.

## ലക്ഷ്യങ്ങൾ

*കുട്ടികൾക്കു മികവാർന്ന പഠന അന്തരീക്ഷം സൃഷ്ടിക്കുക .

*ലഹരിവസ്തുക്കളുടെ ഉപയോഗത്തിൽ നിന്ന് കുട്ടികളെ അകറ്റുക .

*ശിശു സൗഹൃദ വിദ്യാലയം

*പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം

*സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം കാര്യക്ഷമമാക്കാനുള്ള പ്രവർത്തനങ്ങൾ (ലഹരിക്ക് എതിരെയുള്ള പ്രതിരോധം , ട്രാഫിക് നിയമങ്ങൾ,ശുചിത്വം മാലിന്യ സംസ്കരണം, ആരോഗ്യ ശീലങ്ങൾ, ഡിജിറ്റൽ അച്ചടക്കം, പൊതുമുതൽ സംരക്ഷണം, പരസ്പര സഹകരണം)

*ഓരോ ക്ലാസിലെയും കുട്ടികൾക്കു വിഷയങ്ങളുമായി ബന്ധപ്പെട്ട നേടേണ്ട മുഴുവൻ ശേഷികളും ലഭ്യമായെന്നു ഉറപ്പു വരുത്തുക.

*പഠന പിന്നോക്ക അവസ്ഥ നേരിടുന്ന കുട്ടികളെ കണ്ടെത്തി അവർക്കു ആവിശ്യമായ ക്ലാസ്സുകളും പഠന തന്ത്രങ്ങളും ആവിഷ്കരിക്കുക.

*പഠനത്തിന് ആവിശ്യമായ സജ്ജീകരണങ്ങൾ ഒരുക്കുക.

*സമൂഹത്തെ വിദ്യാലയവുമായി ബന്ധിപ്പിക്കുന്നതിനുള്ള കൂടുതൽ പ്രവർത്തനങ്ങളിൽ ഏർപ്പെടുക.

*ഓരോ കുട്ടികളിലുമുള്ള കഴിവുകൾ കണ്ടെത്തുകയും അത് പരിപോഷിപ്പിക്കുവാനുള്ള അവസരങ്ങൾ നൽകുകയും ചെയ്യുക.

*പാഠ്യപഠ്യേതര പ്രവർത്തനങ്ങൾക് ആവിശ്യമായ സൗകര്യങ്ങൾ ക്രമീകരിക്കുക.

*പ്രാദേശികമായി  കിട്ടുന്ന വിഭവങ്ങളെ പഠന പ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കുക.

*കുട്ടികളിൽ വായനയെ പരിപോഷിപ്പിക്കുന്നതിനായ് ക്ലാസ്, സ്കൂൾ ലൈബ്രറി കൂടുതൽ ശാക്തീകരിക്കുക.

*വർഷാരംഭം മുതൽ പരീക്ഷകൾക് പരിശീലനം നടപ്പിലാക്കുക.

* "ജന്മദിനത്തിലൊരു ബുക്ക്" എന്ന പദ്ധതി നടപ്പിലാക്കുക.

വിദ്യാർത്ഥികൾക്  ക്ലാസ് മുറിയിലെ പഠന പ്രവർത്തനങ്ങൾക് പുറമെ   കലകായിക പ്രവൃത്തി പരിചയ പ്രവർത്തനങ്ങളിൽ സജീവമായ ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.

*ഔഷധത്തോട്ടം, അടുക്കളത്തോട്ടം എന്നിവ കൂടുതൽ പരിപോഷിപ്പിക്കുക.

*സ്കൂൾ ഉച്ച ഭക്ഷണം കൂടുതൽ വൈവിധ്യമുള്ളതാക്കുക.

*മാലിന്യ സംസ്കരണത്തിന് കൂടുതൽ മാർഗങ്ങൾ സ്വീകരിക്കുക.

*ചൊവ്വ,വ്യാഴം ദിവസങ്ങൾ ഇംഗ്ലീഷ് ഭാഷ ദിനങ്ങൾ ആക്കുക.

* **STAR OF THE MONTH** കണ്ടെത്തി അനുമോദിക്കുക.

*ആഴ്ചയിലൊരിക്കൽ പൊതു ചോദ്യോത്തരങ്ങൾ പരിചയപ്പെടുത്തുക.

*ഓരോ ടേമിലും ഒന്നോ രണ്ടോ യൂണിറ്റ് ടെസ്റ്റുകൾ നടത്തി പരീക്ഷയെഅഭിമുഖീകരിക്കാൻ  കുട്ടികളെ പ്രാപ്തരാക്കുക. ഇരിപ്പിട ക്രമീകരണം ഒരുക്കണം., ചോദ്യപേപ്പർ തയാറാക്കണം .

*കുട്ടികൾ ചോദ്യപേപ്പർ സ്വയം വായിച്ച മനസിലാക്കി എഴുതുവാനുമുള്ള പരിശീലനം നൽകണം.

*സ്കൂൾ തുറക്കുന്ന ആദ്യ ആഴ്ചയിൽ വായന പരീക്ഷകൾ നടത്തി അതിൽ നിന്നും വായിക്കാൻ അറിയാത്ത കുട്ടികളെ കണ്ടെത്തി അവർക്കു പ്രത്യക പരിശീലനം നൽകുക.

**(3.10 PM- 3.30 PM)**

*സ്കൂൾ ആരംഭം മുതൽ പ്രവൃത്തി പരിചയ പരിശീലനം.

# പ്രധാന പ്രതിസന്ധി

ഗോശ്രീ പാലങ്ങളുടെ വളർച്ചയും വല്ലാർപാടം ടെർമിനലും സ്കൂളിൽ നിന്നും ആറു കിലോമീറ്റർ ദൂരത്തിലായി എൽ.എൻ.ജി ,എസ്.പി.എം , എ.ഓ.സി എന്നീ പദ്ധതികൾ കോടി കണക്കിന് രൂപ മുതൽ മുടക്കി പൂർത്തീകരിക്കപ്പെട്ടത്തു നാടിന്റെ വികസനത്തെ സൂചിപ്പിക്കുന്നുവെന്നാലും ഈ വികസനം സ്കൂളിനെ പരോക്ഷമായി ബാധിച്ചു എന്ന് വേണം പറയാൻ. വികസനത്തിന് വേണ്ടിയുള്ള കുടിയിറക്കം വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് വരുത്തിയിട്ടുണ്ട്. മെച്ചപ്പെട്ട അക്കാദമിക ഭൗതീക സാഹചര്യങ്ങളും വാഹന സൗകര്യവും ഉണ്ടെങ്കിലും ഹൈ സ്കൂൾ ക്ലാസുകൾ ഇല്ലാതെ യു.പി സ്കൂൾ മാത്രമായി പ്രവർത്തിക്കുന്നതും സ്കൂളിന്റെ വലിയ പ്രതിസന്ധിയാണ്.

ടൈൽസ് പാകിയ കമ്പ്യൂട്ടർ റൂം ഒരുക്കേണ്ടതായുണ്ട്. ലൈബ്രറിയിൽ ധാരാളം പുസ്തകങ്ങൾ ഉണ്ടെങ്കിലും അവ വേണ്ട വിധത്തിൽ ഡിസ്പ്ലേ ചെയ്യാനുള്ള സൗകര്യം ഇല്ല. ഇതിനുള്ള ശ്രമങ്ങൾ നടത്തി വരുന്നുണ്ട്. അവ വിജയ പദത്തിലേക്ക് എത്തണം.

പ്രവർത്തനങ്ങളുടെ ബാഹുല്യം കൊണ്ടും പഠനസമയം കൂടുതൽ നഷ്ടപെടുന്നതിനാലും അധ്യാപകരുടെ എണ്ണക്കുറവും പ്രത്യേകം പരിശീലനം ലഭിച്ച കായിക അധ്യാപകരില്ലാത്തതും ചില

പ്രവർത്തനങ്ങളിൽ പ്രതീക്ഷിച്ച വിജയം കൈവരിക്കാൻ പരിമിതികൾ നേരിടുന്നുണ്ട്.

## കാഴ്ചപ്പാട്

- ഭാഷാശേഷി വികസനം
- ഗണിതശേഷി വികസനം
- ഇംഗ്ലീഷ് പഠനം അനായാസമാക്കൽ
- വായനശേഷി വർധിപ്പിക്കൽ
- ശാസ്ത്ര പോഷണ പരിപാടികൾ
- ലാബ് നവീകരണം - ശാസ്ത്രം, ഗണിതം, സാമൂഹ്യ ശാസ്ത്രം
- പ്രതിഭാപോഷണ പരിപാടി
- ലൈബ്രറി ശാക്തീകരണം
- ജൈവ വൈവിധ്യ പാർക്ക് വിപുലീകരണം
- സ്കോളർഷിപ്പ് പരീക്ഷ പരിശീലനം
- പഠനയാത്രകൾ
- അധ്യാപക ശാക്തീകരണം- സ്കൂൾ തലം
- പ്രവൃത്തി പരിചയ പരിശീലനം
- കല പരിപോഷണം
- പച്ചക്കറിത്തോട്ടം
- സാഹിത്യ ശില്പശാലകൾ
- മെഡിക്കൽ ക്യാമ്പുകൾ
- ഭാഷ ലാബ്
- രുചിയുത്സവം
- ദിനാചരണങ്ങൾ
- ഗവേഷണാത്മക പഠനം
- കായികശേഷി വികസനം
- വിലയിരുത്തൽ കാര്യക്ഷമമാക്കൽ
- ചോദ്യപേപ്പർ ശില്പശാല

- ഐ ടി പഠനം കാര്യക്ഷമമാക്കൽ
- ക്ലാസ് പി ടി എ കാര്യക്ഷമമാക്കൽ
- ജന്മദിന പുസ്തകം
- സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ
- സമ്പൂർണ ശുചീകരണം, അണുനശീകരണം
- നിരക്ഷരരും നിർധനരുമായ കുട്ടികൾക്കു സമഗ്ര വികസനം
- കുട്ടികൾക്കു പ്രാധാന്യം കൊടുത്തുകൊണ്ടുള്ള പഠനം (അധ്യാപകർ മാർഗദർശികളാവുക )
- വ്യക്തി ശുചിത്വം , പരിസര ശുചിത്വം, പോഷകസമൃദ്ധമായ ഭക്ഷണം

- ഡിജിറ്റൽ പഠന രീതി
- ഭവന സന്ദർശനം നടത്തി പഠനോപകരണങ്ങൾ വിതരണം
- പുതിയ പദങ്ങൾ (ദിവസേന) , പൊതുവിജ്ഞാനം (ആഴ്ചയിലൊന്നു) പരിചയപ്പെടുത്തൽ
- ശാസ്ത്ര, ഗണിത ശാസ്ത്ര, സാമൂഹ്യ ശാസ്ത്ര, ഐ ടി , പ്രവൃത്തി പരിചയ മേളകൾ

# പദ്ധതി രൂപീകരണ പ്രക്രിയ

1. പഠനത്തിൽ പിന്നോക്കം നിക്കുന്ന .കുട്ടികൾക്കു കൂടുതൽ പരിഗണന

2. എല്ലാകുട്ടികളും അക്ഷരജ്ഞാനം നേടിയെന്നു ഉറപ്പിക്കൽ

3.ക്ലാസ് , സ്കൂൾ ലൈബ്രറി ശാക്തീകരണം

4.ദിനാചരങ്ങൾ വ്യക്തി, മൂല്യാധിഷ്ഠിത ചിന്താഗതികൾ വളർത്തുന്നതിന്

5.ലാബ് വിപുലീകരണം

6.പ്ലാസ്റ്റിക് രഹിത, മാലിന്യ മുക്ത, ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ തുടരും

7.കുട്ടികളുടെ സർഗ്ഗവാസനകൾ കണ്ടെത്തി വികസിപ്പിക്കും

8.നിരന്തര മൂല്യനിർണയം നടത്തി മാറ്റങ്ങൾ വരുത്തും

9.മാതാപിതാക്കളുമായി നിരന്തര ആശയവിനിമയം

10.കുട്ടികൾക്കും മാതാപിതാക്കൾക്കും ആവിശ്യമായ ബോധവത്കരണ ക്ലാസുകൾ സജ്ജമാക്കും

11.വിവിധ വിഷയങ്ങളിൽ സെമിനാറുകൾ, ശില്പശാലകൾ

12.ഉച്ചഭക്ഷണത്തിൽ ഉചിതമായ മാറ്റങ്ങൾ വരുത്തും

13.മാതാപിതാക്കളെയും സമൂഹമാധ്യമങ്ങളെയും ഉൾപെടുത്തികൊണ്ട് സഹായ വിതരണം

# നടത്തിപ്പ്

## ഹ്രസ്വകാല പദ്ധതി

- ➔ പഠനയാത്ര
- ➔ സെമിനാറുകൾ
- ➔ എക്സിബിഷനുകൾ
- ➔ രുചിഉത്സവം
- ➔ ലഹരി വിമുക്ത ക്യാമ്പയിൻ

## മധ്യകാല പദ്ധതി

- ➔ ലാബ്,ലൈബ്രറി വിപുലമാക്കൽ
- ➔ സ്മാർട്ട് ക്ലാസ്സ്റൂം സജ്ജമാക്കൽ
- ➔ ജൈവവൈവിധ്യ പാർക്ക് സംരക്ഷണം
- ➔ പ്ലാസ്റ്റിക് രഹിത മാലിന്യ മുക്ത ക്യാമ്പസ്
- ➔ ഡിജിറ്റൽ വിഭവങ്ങളുടെ ഉപയോഗം

## ദീർഘകാല പദ്ധതി

- ➔ എല്ലാവർക്കും അക്ഷരം
- ➔ സ്വയം പഠനം പരിശീലനം
- ➔ സർഗാത്മക പ്രവർത്തനങ്ങളുടെ വികസിപ്പിക്കലും പ്രദർശനവും
- ➔ നിരന്തര വിലയിരുത്തൽ
- ➔ സൂചകങ്ങൾ പരിഷ്കരിക്കൽ
- ➔ മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങൾ ക്രമീകരിക്കൽ
- ➔ ദിനാചരണങ്ങൾ

- ➔ ഭാഷ, ഗണിത, ശാസ്ത്ര , കലാ, കായിക വികസനം
- ➔ ജന്മദിനത്തിലൊരു ബുക്ക്
- ➔ സ്കോളർഷിപ് പരിശീലനവും യൂണിറ്റ് ടെസ്റ്റുകളും

## നടത്തിപ്പിനായുള്ള ഫണ്ട് കണ്ടെത്തൽ

- ➔ പ്രാദേശിക കമ്പനികളുടെ സഹകരണം
- ➔ മാനേജർ ഫണ്ട്
- ➔ പൂർവവിദ്യാർഥി സംഘടന
- ➔ പൂർവ അധ്യാപകരുടെ സംഘടന
- ➔ സ്റ്റാഫ് ഫണ്ട്
- ➔ അഭ്യുദയാകാംക്ഷികളുടെ സഹായം

# ഉപസംഹാരം

വൈപ്പിൻ കനോസ എൽ പി & യു പി സ്കൂളിന്റെ ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപെട്ട കൃത്യമായ ദിശ ബോധത്തോടെ തയ്യാറാക്കിയതാണ്. കുട്ടിയുടെ സർവതോന്മുഖമായ വികാസമാണ് വിദ്യാഭാസം കൊണ്ട് ലക്ഷ്യമാക്കുന്നത് . ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പൂർണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർപ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കും എന്ന വിശ്വാസം ആണ് ഞങ്ങൾക്കുള്ളത്. പഠന പ്രവർത്തനങ്ങൾക്ക് അനുബന്ധമായുള്ള ഈ പ്രവർത്തനങ്ങൾ ഉദ്ദേശ്ശിച്ച രീതിയിൽ നടപ്പിലാക്കാൻ രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും ജന പ്രതിനിധികളുടെയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും സഹായം കൊണ്ട് സ്കൂളിന് സാധിക്കുമെന്ന വിശ്വാസത്തോടെയാണ് ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. അതിനു കഴിയുമെന്നുള്ള ഉത്തമ വിശ്വാസവും ഞങ്ങൾക്കുണ്ട്.

## നേട്ടങ്ങൾ

LSS പരീക്ഷയിൽ ദ്രിഷ്വിത് ധനീഷ് യോഗ്യത നേടി. പ്രവൃത്തിപരിചയ,കല,കായികമേളകളിൽ നിരവധികുട്ടികൾ പങ്കെടുക്കുകയും സമ്മാനാർഹരായിത്തീരുകയും ചെയ്തു. ഹിന്ദി,അറബി,ഉറുദു പദ്യങ്ങളിൽ ഉപജില്ലയിൽ ഒന്നാം സ്ഥാനം നേടുകയും ജില്ലാതലത്തിൽ എ ഗ്രേഡുകൾ കരസ്ഥമാക്കുകയും ചെയ്തു. വൈവിധ്യമാർന്ന ഭക്ഷണ പദാർത്ഥങ്ങൾ ക്ലാസ് തലത്തിൽ തയ്യാറാക്കി രുചിയുത്സവം വളരെ നന്നായി തന്നെ നടത്താൻ കഴിഞ്ഞു. പഠന മികവുകൾ പ്രദർശിപ്പിച്ചുകൊണ്ടുള്ള പഠനോത്സവവും അതിനോടൊപ്പം തന്നെ കോൺവൊക്കേഷൻ സെറിമണി മാതാപിതാക്ക ളുടെ സാന്നിധ്യത്തിൽ നടത്തി. സ്കൂളിലെ വൈവിധ്യമാർന്ന സന്നദ്ധ സംഘടനകളുടെ പ്രവർത്തനങ്ങൾ സ്കൂളിനെ സമൂഹവുമായി ബന്ധിപ്പിക്കുന്നതിനു ഏറെ സഹായിക്കുന്നു. അതുപോലെ തന്നെ സ്കൂളിലെ വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ സമൂഹവുമായി ബന്ധിപ്പിക്കുന്നു. സാമൂഹ്യ ശുചിത്വം, വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കൽ, സംരക്ഷിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഏറെ മാതൃകാപരമായി നടത്തുകയും സമൂഹത്തിന്റെ അംഗീകാരം പിടിച്ചുപറ്റിയവയുമാണ്.

കുട്ടികളുടെ സർഗാത്മക കഴിവുകൾ വികസിപ്പിക്കുവാൻ സാധിച്ചു. പത്രവായനയെ വികസിപ്പിക്കാൻ നടത്തിയ പ്രവർത്തനങ്ങളിലൂടെ അൻപതോളം പത്രങ്ങൾ നിർധന കുടുംബങ്ങൾക്ക് സ്പോൺസർഷിപ്പിലൂടെ ലഭ്യമാകാൻ

സാധിച്ചു. മലയാള മനോരമ ദിനപത്രം നടത്തിയ ന്യൂസ് ഫെസ്റ്റ് മത്സരത്തിൽ ധാരാളം കുട്ടികളെ പങ്കെടുപ്പിച്ചു നിരവധി സമ്മാനങ്ങൾ നേടിയതും അഭിമാനകരമായ നേട്ടങ്ങളിൽ ഒന്നാണ്.

കുട്ടികൾക്കു കരാട്ടെ പരിശീലന ക്ലാസുകൾ നൽകി സ്വയം പ്രതിരോധ ശേഷി വർധിപ്പിക്കാൻ ശ്രമിച്ചു കൊണ്ടിരിക്കുന്നു. മികച്ച വോളീബോൾ പരിശീലകന്റെ നേതൃത്വത്തിൽ വോളീബോൾ പരിശീലനം നൽകുന്നു, ആഴ്ചയിലൊരിക്കൽ പൊതുവിജ്ഞാനവും എല്ലാ ദിവസവും പുതിയ പദങ്ങളെയും പരിചയപെടുത്തുന്നു. തുടർന്നു മാസത്തിൽ ടെസ്റ്റ് നടത്തി വിജയികളെ പ്രഖ്യാപിക്കുന്നു. ആഴ്ചയിൽ രണ്ടു ദിവസങ്ങൾ ഇംഗ്ലീഷ് സ്പീകിംഗ് ഡേ ആയി മാറ്റി. ഓരോ മാസത്തിലും **STAR OF THE MONTH** നെ കണ്ടെത്തി അനുമോദിക്കുന്നു. ജന്മദിനത്തിലൊരു ബുക്ക് എന്ന പദ്ധതി നന്നായി നടന്നു വരുന്നു. കുട്ടികൾക്കു വായനയോടും പുസ്തകങ്ങളോടും കൂടുതൽ താല്പര്യവും അടുപ്പവും ഉണ്ടാകാൻ ഇതിലൂടെ കഴിഞ്ഞു.